**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6142 | 07.07.2014 ൽ മറുപടിയ്ക്ക് |

**കുന്നംകുളം മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്ക് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട്, ചൊവ്വന്നൂർ ബ്ലോക്ക് തല ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട്, ചൊവ്വന്നൂർ അഡീഷണൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് എന്നീ ഓഫീസുകളുടെ കീഴിലുള്ള എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്; | (എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി, ചൊവ്വന്നൂർ, ചൊവ്വന്നൂർ അഡീഷണൽ എന്നീ ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| നം | ഐ.സി.ഡി.എസ്സ് പേര് | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | വടക്കാഞ്ചേരി പ്രോജക്ട് | 3 |
| 2 | ചൊവ്വന്നൂർ | 10 |
| 3 | ചൊവ്വന്നൂർ അഡീഷണൽ | 51 |

| | |
|---|---|
| (ബി) ഇതിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ സ്ഥലസൗകര്യമുണ്ട്; | (ബി) വടക്കാഞ്ചേരി, ചൊവ്വന്നൂർ, ചൊവ്വന്നൂർ അഡീഷണൽ എന്നീ പ്രോജക്ടുകളിലായി ആകെ 27 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യമുണ്ട്. |
| (സി) സ്വന്തമായി സ്ഥലം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (സി) & (ഡി) സ്വന്തമായി ഭൂമിയില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതികളൊന്നും സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല. എന്നാൽ അംഗൻവാടികൾക്ക് കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ